JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Service With Love
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

30/09/2025

# ലോക ഹൃദയദിനത്തിന്റെ ഭാഗമായി ജൂബിലി മിഷൻ സി. പി. ആർ മാരത്തൺ സംഘടിപ്പിച്ചു.

തൃശ്ശൂർ :– ലോക ഹൃദയദിനത്തോടനുബന്ധിച്ച്_ഹൈലൈറ്റ് മാളിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സി. പി. ആർ മാരത്തൺ സംഘടിപ്പിച്ചു. ഹൃദയസ്തംഭന അടിയന്തരാവസഥകളിൽ ജീവൻ രക്ഷിക്കുന്നതിനുള്ള സി. പി. ആർ പരിശീലനം നൽകുകയും, അതിന്റെ പ്രധാന്യം പൊതുജനങ്ങളിൽ എത്തിക്കുകയുമായിരുന്നു പരിപാടിയുടെ ലക്ഷ്യം.

ഏകദേശം 100 ഓളം പേർ , മാൾ സ്റ്റാഫും സന്ദർശകരും ഉൾപ്പെടെ, പരിപാടിയിൽ പങ്കെടുത്തു. അടിയന്തര സാഹചര്യങ്ങളിൽ ജീവൻ രക്ഷിക്കാൻ ആവശ്യമായ എ.ഇ.ഡി ഉപകരണങ്ങൾ ഡ്രോൺ വഴി എത്തിക്കുന്നതിന്റെ മാതൃകാ പ്രദർശനം പരിപാടി യിൽ സംഘടിപ്പിച്ചു.

പരിപാടിയെ കൂടുതൽ ആകർഷകമാക്കുന്നതിനായി ജൂബിലി എം.ബി.ബി.എസ്, ഫാർമസി വിദ്യാർത്ഥികളും ചേർന്ന് ഫ്ളാഷ് മോബ് ഡാൻസ് പെർഫോമൻസ് അവതരിപ്പിച്ചു.

ഡോ. ബിനിൽ ഐസക് മാത്യു ( കാർഡിയോളജി അനസ്തേഷ്യ, ജൂബിലി മിഷൻ) പരിപാടിയുടെ കോ–ഓർഡിനേറ്ററായും മിസ്റ്റർ റാഫി ജോസ് ( ഇവന്റ് കോ–ഓർഡിനേറ്ററായും , ജൂബിലി മിഷൻ) സഹസംഘാടകനായും പ്രവർത്തിച്ചു

പരിപാടിയിൽ ഡോ. ഷിബു. സി. കള്ളിവളപ്പിൽ ( മെഡിക്കൽ സൂപ്രണ്ട് ) ഡോ. ഓസ്റ്റിൻ രാജ് ( സി.വി. ടി. എസ്. സർജൻ) എന്നിവർ പങ്കെടുത്തു. സി.പി.ആർ പരിശീലനം റോജോ സെബാസ്റ്റ്യൻ, മിസ്റ്റർ ലാൻസ്, മിസ്റ്റർ ആന്റണി ജേക്കബ് എന്നിവരട ങ്ങിയ സർട്ടിഫൈഡ് ട്രെയിനർമാർ നേതൃത്വം നൽകി.